**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസനം - മലബാറിലെ പരവൻ സമുദായക്കാരെ (Paravans of Malabar area) S.E.B.C (Socially and Educationally Backward Classes) ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ.ഉ.(കൈയ്യെഴുത്ത്) നം.03/2017/പിസവിവ. തീയതി, തിരുവനന്തപുരം, 23.03.2017.

===

പരാമർശം:
1. 02.05.1966 -ലെ ജി.ഒ.(പി)നം. 208/1966/ഇ.ഡി.എൻ.
2. കേരള പരവൻ സർവ്വീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് എ. തുളസീധരൻ സമർപ്പിച്ച 26.03.2014 -ലെ KPSS/CF/90/2014 നമ്പർ നിവേദനം.
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ 21.05.2015 -ലെ 18/എ 5/2015/കെ.ടി.എം/കെ.എസ്.സി.എസ്.സി.എസ്.ടി നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സമുദായമാണ് പരവൻ സമുദായം. എന്നാൽ കാസർഗോഡ് താലൂക്ക് ഒഴികെയുള്ള മലബാറിലെ പരവൻ സമുദായത്തെ (Paravans of Malabar area excluding Kasaragod Taluk) ഇപ്പോഴും എസ്.ഇ.ബി.സി (SEBC) ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് മൂലം അർഹരായ നിരവധി വിദ്യാർത്ഥികൾക്ക് പട്ടികജാതിയുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്നയവസ്ഥയുള്ളതിനാൽ പരവൻ സമുദായത്തെ പൂർണ്ണമായും എസ്.ഇ.ബി.സി (SEBC) ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കേരള പരവൻ സർവ്വീസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു.

2. കേന്ദ്രസർക്കാർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ഷെഡ്യൂൾഡ് ട്രൈബ്സ് ഓർഡേഴ്സ് (അമെന്റ്മെന്റ്) ആക്റ്റ്, 1976 (നം. 108/1976) (Scheduled Castes Scheduled Tribes Orders (Amendment) Act, 1976, No. 108/1976) പ്രകാരം സംസ്ഥാനമൊട്ടാകെയുള്ള പരവൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി അമെന്റ്മെന്റ് ആക്ടിന്റെ വെളിച്ചത്തിൽ പ്രാദേശിക ഭേദമില്ലാതെ സംസ്ഥാനമൊട്ടാകെയുള്ള പരവൻമാരെ പട്ടികജാതിയായി പരിഗണിക്കണമെന്ന് പരാമർശം (3) -ലൂടെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എസ്.ഇ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മലബാറിലെ പരവൻ സമുദായക്കാരെ (Paravans of Malabar area) എസ്.ഇ.ബി.സി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. വേണു വി**

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ,
വെള്ളയമ്പലം, തിരുവനന്തപുരം

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ശ്രീ. എ. തുളസീധരൻ, സംസ്ഥാന പ്രസിഡന്റ്, കേരള പരവൻ സർവ്വീസ് സൊസൈറ്റി, രാജീവ് ഭവൻ, റ്റി.സി. നം. 32/19(1), മാധവപുരം, വേളി, ടൈറ്റാനിയം പി.ഒ, തിരുവനന്തപുരം - 21,
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
റവന്യൂ വകുപ്പ്
**പൊതുവിദ്യാഭ്യാസ വകുപ്പ്**
**ഉന്നത വിദ്യാഭ്യാസ വകുപ്പ്**
**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി**

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പിന്നാക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്